**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.3004

15.12.2015-ൽ
മറുപടി നൽകേണ്ടിയിരുന്നത്

## ലാന്റ് ട്രിബ്യൂണലുകൾ

**ചോദ്യം**

ശ്രീ.എം.ചന്ദ്രൻ

**മറുപടി**

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പുമന്ത്രി)

(എ) കെട്ടിക്കിടക്കുന്ന പട്ടയം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിലവിലുള്ള ലാന്റ് ട്രിബ്യൂണലുകൾ വിഭജിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇതിന് ആവശ്യമായ ജീവനക്കാരെ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എ) ഉണ്ട്; ലാന്റ് ട്രിബ്യൂണലുകളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിനായി, കൂടുതൽ കേസ്സുകൾ നിലവിലുള്ള തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ 28 സ്പെഷ്യൽ തഹസിൽദാർമാർക്കും കണ്ണൂർ ജില്ലയിലെ വടക്കേക്കളം പ്രദേശത്തെ അപേക്ഷകൾ പരിഗണിക്കുന്നതിന് ASL സ്പെഷ്യൽ തഹസിൽദാർക്കും ലാന്റ് ട്രിബ്യൂണലിന്റെ അധിക ചുമതല നൽകി ഉത്തരവാകുകയും ആയത് പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. എൽ.റ്റിയുടെ ചുമതല ലഭിച്ചിട്ടുള്ള ASL സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽ ആവശ്യമായ ജീവനക്കാരെ അനുവദിച്ചിട്ടുണ്ട്. മറ്റ് സ്പെഷ്യൽ തഹസിൽദാർമാർ അവരുടെ ഓഫീസിൽ നിലവിലുള്ള ജീവനക്കാരെ തന്നെയാണ് ഉപയോഗിക്കുന്നത്.

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കി എന്ന് പട്ടയവിതരണം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി തീർപ്പാക്കുവാനുള്ള കേസ്സുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനാണ് കൂടുതൽ ലാന്റ് ട്രിബ്യൂണലുകളെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി ലാന്റ് ട്രിബ്യൂണലുകൾക്ക് കേസ്സുകൾ തീർപ്പാക്കുന്നതിന് ആറ് മാസത്തേക്കാണ് അധികാരം നൽകിയിട്ടുള്ളത്.

| | |
|---|---|
| (സി) ഉദ്യോഗസ്ഥതലത്തിൽ ഇതു സംബന്ധിച്ച യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) ഉദ്യോഗസ്ഥതലത്തിൽ 27.11.2015 ന് ലാന്റ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പുതുതായി രൂപീകരിച്ച ലാന്റ് ട്രിബ്യൂണൽ തഹസിൽദാർമാരുടേയും നിലവിലുള്ള ലാന്റ് ട്രിബ്യൂണൽ തഹസിൽദാർമാരുടേയും യോഗം വിളിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തുകയും, ക്രമീകരണങ്ങൾ പൂർത്തിയാക്കി സമയബന്ധിതമായി ക്രയ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

Shreja

സെക്ഷൻ ഓഫീസർ